# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 604

10/03/2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

### ''എല്ലാവർക്കും വീട് പദ്ധതി''

| ചോദ്യം<br>ശ്രീ.വർക്കല കഹാർ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. എം.എ.വാഹിദ്<br>ശ്രീ. ജോസഫ് വാഴയ്ക്കൽ | | മറുപടി<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മിഷൻ 676- ൽ ഉൾപ്പെടുത്തി എല്ലാവർക്കും വീട് എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്. ഭവന രഹിതരായ പട്ടിക വർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണം, സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം സർവ്വേയിൽ കണ്ടെത്തിയ 35216 കുടുംബങ്ങൾക്ക് വീട് നിർമ്മിയ്ക്കുന്നതിനുള്ള ധനസഹായം എന്നീ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേന 2000 ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പുതുതായി വീട് നിർമ്മിക്കുന്നതിന് സാമ്പത്തിക ധനസഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്തുകളിലെ ഭവനരഹിതരായ 32808 പട്ടിക വർഗ്ഗ കുടുംബങ്ങളെ ഊരുകൂട്ടം മുഖേന കണ്ടെത്തുകയും ലിസ്റ്റ് പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എന്തെല്ലാം കാര്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | | |
| (സി) | പദ്ധതികളെ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) | പ്രസ്തുത പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സംസ്ഥാനത്തെ ഗ്രാമപഞ്ചയാത്തുകൾ മുഖേനയും നടപ്പാക്കി വരുന്നു. |